# സ്വർഗ്ഗത്തിലേക്കുള്ള ക്ഷണം

[ Malayalam]

# دعوة إلى الجنة

[ باللغة مليالم ]


ഈദ് അൽ അൻസി

عيد العنزي


مدار الوطن للنشر


വിവ: അബ്ദുൽ ജബ്ബാർ മദീനി

ترجمة: عبدالجبار بن عبدالله



الإعداد / القسم المليباري بشعبة توعية الجاليات بالدمام

المملكة العربية السعودية

ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA
8272772, 8054445

**Web edition by:**

islamhouse.com

1431 - 2010

بسم الله الرحمن الرحيم

**1) അല്ലാഹുവിന്റെ സാമീപ്യം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "തന്റെ രക്ഷിതാവുമായി ഒരടിമ ഏറ്റവും അടുത്ത സമയം അയാൾ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് സുജൂദിൽ നിങ്ങൾ പ്രാർത്ഥനയെ വർദ്ധിപ്പിക്കണം." (മുസ്‌ലിം)

**2) ഒരു ഹജ്ജിന്റെയത്ര പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "റമദാനിൽ ഒരു ഉംറ നിർവ്വഹിക്കൽ ഒരു ഹജ്ജിന് തുല്ല്യമാണ്. അല്ലെങ്കിൽ എന്റെ കൂടെ ഹജ്ജ് നിർവ്വഹിച്ചതിന് തുല്ല്യമാണ്." (ബുഖാരി, മുസ്‌ലിം)

**3) സ്വർഗ്ഗത്തിൽ ഒരു വീടുണ്ടാകാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിനുവേണ്ടി പള്ളി പണിതാൽ അവന് സ്വർഗത്തിൽ അല്ലാഹു ഒരു വീട് പണിയും. " (മുസ്‌ലിം)

**4) അല്ലാഹുവിന്റെ ഇഷ്ടത്തെ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ഒരാൾ ഭക്ഷണം കഴിച്ചു, എന്നിട്ട് 'അൽ ഹംദുലില്ലാഹ്' എന്നു പറഞ്ഞു. അല്ലെങ്കിൽ വല്ലതും കുടിച്ചു, എന്നിട്ട് 'അൽഹംദുലില്ലാഹ്' എന്നുപറഞ്ഞു. എങ്കിൽ തീർച്ചയായും അല്ലാഹു ആ അടിമയെ ഇഷ്ടപ്പെടും." (മുസ്‌ലിം)

**5) നിങ്ങളുടെ പ്രാർത്ഥനക്ക് ഉത്തരം കിട്ടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടക്കുള്ള പ്രാർത്ഥന (അല്ലാഹു) വെറുതെ മടക്കുകയില്ല." (അബൂദാവൂദ്)

**6) വർഷം മുഴുവനും നോമ്പ് നോറ്റ പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "എല്ലാ ഓരോ മാസത്തിലെയും മൂന്ന് നോമ്പുകൾ, (13, 14, 15 ദിവസങ്ങളിൽ) ഒരു വർഷം മുഴുവൻ നോമ്പ് നോറ്റതിന് തുല്ല്യമാണ്." (ബുഖാരി, മുസ്ലിം)

**7) ഒരു പർവ്വതം കണക്കെ നന്മ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ഒരാൾ മയ്യിത്ത് സംസ്കരണത്തിൽ, മയ്യിത്തിനുവേണ്ടി നമസ്കരിക്കുന്നതുവരെ പങ്കെടുത്തു. എങ്കിൽ അയാൾക്ക് ഒരു ഖിറാഅ് പ്രതിഫലമുണ്ട്. ഒരാൾ മയ്യിത്ത് മറമാടുന്നതുവരെ പങ്കെടുത്തു. എങ്കിൽ അയാൾക്ക് രണ്ട് ഖിറാഅ് പ്രതിഫലമുണ്ട്. സ്വഹാബികൾ ചോദിച്ചു? 'എന്താണ് രണ്ട് ഖിറാഅ്?' റസൂൽ (ﷺ) പറഞ്ഞു: "രണ്ട് വലിയ പർവ്വതങ്ങൾക്ക് തുല്ല്യമാണ് (രണ്ട് ഖിറാഅ്)" (ബുഖാരി, മുസ്ലിം)

**8) സ്വർഗത്തിൽ റസൂൽ(ﷺ)ന്റെ സാമീപ്യം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ഞാനും യതീമിനെ സംരക്ഷിക്കുന്നവനും (പ്രവാചകൻ (ﷺ) തന്റെ ചൂണ്ടുവിരലും നടുവിരലും ചേർത്ത് പിടിച്ചുകൊണ്ട് പറഞ്ഞു) സ്വർഗ്ഗത്തിൽ ഇപ്രകാരമായിരിക്കും." (ബുഖാരി)

**9) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മസമരം നടത്തുന്നവന്റെയോ, നോമ്പനുഷ്ടിക്കുന്നവന്റെയോ, (രാത്രി) നിന്ന് നമസ്കരിക്കുന്നവന്റെയോ പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "വിധവകളുടെ സംരക്ഷണത്തിലും, സാധുസംരക്ഷണത്തിലും പ്രയത്നിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മസമരം നടത്തിയവനെ പോലെയാണ്. അവൻ ക്ഷീണം ബാധിക്കാതെ (രാത്രി) നമസ്കരിക്കുന്നവനെ പോലെയും മുറിക്കാതെ നോമ്പനുഷ്ടിക്കുന്നവനെ പോലെയുമാണ്." (ബുഖാരി, മുസ്ലിം)

**10) റസൂൽ (ﷺ) സ്വർഗ്ഗത്തിന് ജാമ്യം നൽകിയവരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: "ആരെങ്കിലും എനിക്ക് രണ്ട് താടിയെല്ലുകൾക്ക് ഇടയിലുള്ളതിനെയും (നാവ്) രണ്ട് കാലുകൾക്ക് ഇടയിലുള്ളതിനെയും (ലൈംഗികാവയവം) സൂക്ഷിക്കാമെന്ന് ജാമ്യം

നൽകിയാൽ, അവന്ന് സ്വർഗ്ഗം നൽകാം എന്ന് ഞാൻ ജാമ്യം നൽകുന്നു.” (ബുഖാരി, മുസ്‌ലിം)

**11) മരണശേഷവും നിങ്ങളുടെ സൽകർമ്മങ്ങൾ നിലച്ചുപോകാതെ തുടരാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “മനുഷ്യൻ മരണപ്പെട്ടുകഴിഞ്ഞാൽ എല്ലാ (സൽ)കർമ്മങ്ങളും നിലച്ചുപോകും; മൂന്ന് കാര്യങ്ങൾ ഒഴിച്ച്. ഒന്ന്: ജാരിയായ സ്വദക (നിലനിൽക്കുന്ന ദാനധർമ്മം), രണ്ട്: (പകർന്ന് കൊടുത്ത) ഉപകാരപ്പെടുന്ന അറിവ്, മൂന്ന്: തനിക്കു വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ സന്തതി.” (മുസ്‌ലിം)

**12) സ്വർഗ്ഗത്തിലെ ഒരു നിധി കരസ്ഥമാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “لاَحَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ എന്ന (ദിക്റ്) സ്വർഗ്ഗത്തിലെ ഒരു നിധിക്ക് തുല്ല്യമാണ്.”

**13) രാത്രി മുഴുവനും നിന്ന് നമസ്കരിച്ചതുപോലുള്ള പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “ആരെങ്കിലും സ്വുബ്ഹി നമസ്കാരവും ഇശാനമസ്കാരവും ജമാഅത്തായി നമസ്കരിച്ചാൽ അയാൾ രാത്രി മുഴുവനും നിന്ന് നമസ്കരിച്ചവനെ പോലെയാണ്.” (മുസ്‌ലിം)

**14) ഒരു മിനിറ്റ് സമയം കൊണ്ട് ഖുർആനിന്റെ മൂന്നിൽ ഒരു ഭാഗം പാരായണം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “രണ്ട് വാക്കുകൾ കാരുണ്യവാനായ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ്. നാവിന് വളരെ എളുപ്പവുമാണ്. തുലാസിൽ ഏറ്റവും കനം തൂങ്ങുന്നതും അതത്രെ! سُبْحَانَ اللهِ وَبِحَمْدِهِ ، سُبْحَانَ اللهِ الْعَظِيمِ എന്നത്” (ബുഖാരി)

**16) പരലോകത്തുവെച്ച് അല്ലാഹുവിനെ കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിനെ കാണാൻ ഇഷ്ടപ്പെടുന്നുവോ, അവനെ കാണാൻ അല്ലാഹുവും ഇഷ്ടപ്പെടും.” (ബുഖാരി)

**17) ഉന്നതിയിൽ എത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് വിനയം കാണിച്ച ഒരാളെയും അല്ലാഹു ഉയർത്താതിരുന്നിട്ടില്ല.” (മുസ്‌ലിം)

**18) നരകാഗ്നിയെതൊട്ട് എഴുപത് വർഷത്തെ ദൂരം അകറ്റപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽ (ﷺ) പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ഒരുദിവസം നോമ്പെടുത്താൽ, അവന്റെ മുഖത്തെ അല്ലാഹു എഴുപത് വർഷത്തെ ദൂരം നരകാഗ്നിയിൽനിന്ന് അകറ്റാതിരിക്കില്ല.” (ബുഖാരി)

“ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽനിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും, ഞങ്ങളുടെ കാര്യങ്ങൾ നേരാംവണ്ണം നിർവ്വഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.” (അൽകഹ്ഫ്: 10)

*അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീയല്ലാതെ ആരാധ്യനില്ല, നീ എന്നെ സൃഷ്ടിച്ചു, ഞാൻ നിന്റെ അടിമയാണ്, എന്റെ കഴിവിനനുസരിച്ച് നിന്നോടുള്ള വാഗ്ദത്തത്തിലും കരാറിലും അധിഷ്ഠിതനാണ് ഞാൻ. ഞാൻ ചെയ്തുപോയ എല്ലാ തിന്മകളിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. നീ എനിക്ക് ചെയ്ത അനുഗ്രഹങ്ങളെയും ഞാൻ ചെയ്തുകൂട്ടുന്ന തിന്മകളെയും ഞാൻ ഏറ്റുസമ്മതിക്കുന്നു. അതുകൊണ്ട് നീ എനിക്കു പൊറുത്തുതരേണമേ, കാരണം നീയല്ലാതെ പാപം പൊറുക്കുന്നവനില്ല.*

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

****************